This Question Paper consists of 10 questions and 8 printed pages.
ഈ ചോദ്യപേപ്പറിൽ 10 ചോദ്യങ്ങളും 8 അച്ചടിച്ച പുറങ്ങളും ഉണ്ട്.

Roll No. / റോൾ നമ്പർ | | | | | | | | | | | | |

Code No. 68/S/O/MM
കോഡ് നമ്പർ

Set / സെറ്റ് - A

# MALAYALAM
## മലയാളം
## (232)

Day and Date of Examination
(പരീക്ഷാ ദിവസവും തീയതിയും) ____________

Signature of Invigilators
(മേൽനോട്ടക്കാരുടെ ഒപ്പ്)
1. ____________
2. ____________

**പൊതുവായ നിർദ്ദേശങ്ങൾ :**

1 എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങൾ നിങ്ങൾക്ക് നൽകിയിരിക്കുന്ന ആൻസർ ബുക്കിൽ നൽകണം.

2 ഈ ചോദ്യപേപ്പർ വായിക്കുന്നതിന് 15 മിനിറ്റ് സമയം അനുവദിച്ചിട്ടുണ്ട്.ഉച്ചക്ക് 02.15 ന് ചോദ്യപേപ്പർ നൽകും 02.15 മുതൽ 02.30 വരെ വിദ്യാർത്ഥികൾ ചോദ്യപേപ്പർ വായിക്കുക.മാത്രം ചെയ്യുക ഈ സമയം ആൻസർ ബുക്കിൽ ഒരു ഉത്തരവും എഴുതാൻ പാടുള്ളതല്ല.

3 പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.

4 ആദ്യ പേജിൽ പ്രിന്റു ചെയ്തിരിക്കുന്ന വിവരങ്ങൾ ക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിൻറു ചെയ്തിട്ടുണ്ടോ എന്നും ഉറപ്പു വരുത്തേണ്ടതാണ്.

5 ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A), (B), (C), (D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തരപുസ്തകത്തിൽ എഴുതേണ്ടതാണ്.

6 ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.

7 ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.

8 ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **68/S/O/MM,** സെറ്റ് - A എഴുതേണ്ടതാണ്.



Unnati Educations
9899436384, 9654279279

# MALAYALAM

## മലയാളം

## (232)

സമയം : **3** മണിക്കൂർ]　　　　　　　　　　　　　　　　　[മാർക്ക് : **100**

**നിർദ്ദേശങ്ങൾ :**

(1) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

(2) ഒന്നു മുതൽ പതിനൊന്നുവരെയുള്ള ചോദ്യങ്ങൾക്ക് A, B, C, D എന്ന ക്രമത്തിൽ കൊടുത്തിരിക്കുന്നതിൽ നിന്നും ശരിയായത് എടുത്തെഴുതണം.

---

**1** താഴെ കൊടുത്തിരിക്കുന്ന 20 ചേദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക ഓരോ മാർക്ക് വീതം　　**20×1=20**

**1.1** ചാരുത്വമാണ്ടുള്ള എന്ന് ഗോപികമാർ വിശേഷിപ്പിക്കുന്നത് ആരെ?

(A) വല്ലികളെ　　(B) ദാരുക്കളെ

(C) പിച്ചകത്തെ　　(D) കൈതയെ

**1.2** കുട്ടികളോട് എന്തു കഥയും പറയാം എന്ന് സഞ്ജയൻ വിശ്വസിക്കുന്നത് എന്തുകൊണ്ട്?

(A) കുട്ടികളുടെ ബുദ്ധി കളങ്കമില്ലാത്തത് ആകയാൽ

(B) നാട്ടുകാരുടെ പരിഹാസം ഒഴിവാക്കാൻ ആഗ്രഹിക്കുന്നത് കൊണ്ട്

(C) മുതിർന്നവർക്ക് കഥകേൾക്കാൻ ഇഷ്ടമില്ലാത്തതിനാൽ

(D) കുട്ടികളെ കുറിച്ചുള്ള കഥകൾ ആയതുകൊണ്ട്

**1.3** ദാമ്പത്യജീവിതം ദുസ്സഹമായി തീരുന്നത് എപ്പോഴാണെന്നാണ് കെ.പി കേശവമേനോൻ പറയുന്നത്?

(A) ഇഷ്ടവും താല്പര്യവും സ്വഭാവവും അറിഞ്ഞ് പരസ്പരം വിട്ടുവീഴ്ചക്ക് തയാറാകാതെ വരുമ്പോൾ

(B) ഭാര്യമാരുടെ ന്യായമായ ആവശ്യങ്ങൾക്ക് പണം കൊടുക്കാതിരിക്കുമ്പോൾ

(C) കിട്ടുന്നതെല്ലാം ധൂർത്തടിക്കുന്ന സ്വാർത്ഥികളായി മാറുമ്പോൾ

(D) ഭർത്താക്കൻമാരുടെവരവറിയാതെ പണത്തിനു ശല്യപ്പെടുത്തുമ്പോൾ



Unnati Educations
9899436384, 9654279279

1.4 പ്രൗഢൻ എന്ന് കുഞ്ചൻ നമ്പ്യാർ വിശേഷിപ്പിക്കുന്നത് ആരെ?

(A) നാരദനെ (B) രാവണനെ

(C) ബാലിയെ (D) ദശകന്ധരനെ

1.5 നാരായണഗുരുസ്വാമിയുടെ ജീവിതത്തിലെ ഏറ്റവും ഉജ്ജ്വലമായ ഘട്ടം എന്ന് പൊതുവിൽ പറയാറുള്ളത് ഏത് കാലത്തെയാണ് ?

(A) സ്വാതന്ത്ര്യപ്രാപ്തിക്ക് തൊട്ടുമുമ്പുള്ള കാലം

(B) 1903 മുതലുള്ള കാലം

(C) 1923 ന് ശേഷമുള്ള കാലം

(D) 1918 ന് ശേഷമുള്ള കാലം

1.6 സമപ്രായക്കാരോട് വി.ടി. ഭട്ടതിരിപ്പാട് അസൂയതോന്നിയ സന്ദർഭം ഏത്?

(A) ഔപാസനം,ഗണപതിഹോമം,പൂജ മുതലായ വൈദികക്രിയകളിൽ ഏർപ്പെട്ടപ്പോൾ

(B) ഉണ്ണാനും ഉടുക്കാനും ഇല്ലാതായപ്പാൾ

(C) പണ്ടങ്ങളണിഞ്ഞ് ദാസിമാരുടെ അകമ്പടിയോടെ അമ്പലത്തിൽ തൊഴാൻ വരുന്നത് കണ്ടപ്പോൾ

(D) വെളുക്കാൻ തേച്ചത് പാണ്ഡായപ്പാൾ

1.7 നെയ്പ്പായസം എന്ന ചെറുകഥയിൽ മുഖ്യ കഥാപാത്രത്തെ അച്ഛൻ എന്നുമാത്രം വിളിച്ചാൽ മതിയെന്ന് കഥാകൃത്ത് തീരുമാനിച്ചത് എന്തുകൊണ്ട്?

(A) അവരുടെ പേര് വെളിപ്പെടുത്തുന്നത് ആക്ഷേപങ്ങൾക്ക് ഇടവരുത്തുന്നുമെന്നതിനാൽ

(B) അവർ സാങ്കല്പിക കഥാപാത്രങ്ങളായതിനാൽ

(C) സ്വന്തം ജീവിതകഥ ആയതിനാൽ

(D) ആ പട്ടണത്തിൽ അയാളുടെ വില അറിയുന്ന 3 കുട്ടികൾ അങ്ങനെ വിളിക്കുന്നത് കൊണ്ട്

1.8 ഞാനെന്നു പറയണതാരാണ്ടോ-എന്നതിന് ഉത്തരമായി കുഞ്ഞുണ്ണി പറയുന്നത് എന്ത്?

(A) താനാരോ പാടണോരാൾ (B) മാനത്തെ മാണികൃമുത്ത്

(C) പൊന്നിന്റെ മറ്റൊരു രൂപം (D) തന്നെയറിയാത്തൊരാൾ

1.9 ഹാസ്യരസപ്രധാനമായ ദൃശ്യകല ഏത്?

(A) ദാസിയാട്ടം (B) രാമനാട്ടം

(C) കൃഷ്ണനാട്ടം (D) ഓട്ടൻതുള്ളൽ



Unnati Educations
9899436384, 9654279279

1.10 വളർത്തുമൃഗങ്ങൾ എന്ന കഥയിൽ എം.ടി വാസുദേവൻനായർ ഏത് വിഭാഗക്കാരുടെ ജീവിതമാണ് ചിത്രീകരിക്കുന്നത്?

(A) സർക്കസ് കലാകാരന്മാരുടെ (B) സർക്കസ് ആസ്വാദകരുടെ

(C) സർക്കസിലെ മൃഗങ്ങളുടെ (D) പൊതുജനങ്ങളുടെ

1.11 ഈ കാലോക്കെ പോവും കയ്യിൽ കാശില്ലാണ്ടായാൽ വയസ്സുകാലത്ത് ആരുണ്ടാവും തൊണ?-ഇങ്ങനെ ചോദിച്ചത് ആര്?

(A) ലക്ഷ്മി (B) ജാനമ്മ

(C) മാനേജർ (D) ചന്ദ്രൻ

1.12 പൈതങ്ങൾ പൂർണവളർച്ച നേടണമെങ്കിൽ എന്താണ് ചെയ്യേണ്ടത്?

(A) സ്വഭാഷതൻ വക്ത്രത്തിൽ നിന്ന് പഠിക്കണം

(B) അമ്മ ചൊല്ലിത്തരണം

(C) മാതാവിന്റെ വാത്സല്യദുഗ്ധം നുകരണം

(D) നീതിപ്പൊരുളും ഉപനിഷത്തും പഠിക്കണം

1.13 ദു:ഖങ്ങൾ കുടിച്ചുവറ്റിച്ച് മഹാമംഗലശക്തിയെ തോറ്റിയുണർത്താൻ പെങ്ങൾക്ക് തുണയാകുന്നത് എന്ത്?

(A) വന്യമാം നീതി

(B) കവിയുടെ വാക്കുകൾ

(C) രാജന്യമാം നീതി

(D) ആരയുന്ന ചന്ദനവും പുകയുന്ന അകിലും

1.14 ചിത്രയോഗത്തിന്റെ രചയിതാവും കഥകളിയുടെ സമുദ്ധാരകനുമായ കവി ആര്?

(A) വള്ളത്തോൾ (B) ഉണ്ണായിവാരിയർ

(C) കുഞ്ചൻനമ്പ്യാർ (D) കുമാരനാശാൻ

1.15 മർത്യമാനസങ്ങളെ ഭ്രാന്തു പിടിപ്പിച്ച് ജീവിതത്തിൽ ദുരിതങ്ങൾ സൃഷ്ടിക്കുന്ന മതാന്ധത തീണ്ടാതിരിക്കാനുള്ള സംരക്ഷണമായി ശ്രീനാരായണഗുരു നിർദ്ദേശിക്കുന്നത് എന്ത്?

(A) സർവമതസമ്മേളനം (B) ഏകലോകവീക്ഷണം

(C) ലഹരിയിൽ നിന്നുള്ള മുക്തി (D) ഏകമതവീക്ഷണം

1.16 പഠാണിയെയും തമിഴനെയും ബന്ധിപ്പിക്കാവുന്ന പൊതുതന്തുവായി ജവഹർലാൽ നെഹ്റു കാണുന്നത് എന്ത്?

(A) വംശപാരമ്പര്യം (B) ഭാഷ

(C) ആകൃതി (D) ഭക്ഷണ രീതി



Unnati Educations
9899436384, 9654279279

1.17 ചന്ദനലതയിൽ അധോമുഖശയനം ചെയ്യുന്ന ഒറ്റപ്പത്തിയും ആയിരം ഉടലുള്ള നാഗമായി കവി കല്പിച്ചിരിക്കുന്നത് എന്തിനെ?

(A) പനിനീർപൂവ് ചൂടിയ ചികുരത്തെ

(B) കാവ്യനർത്തകിയുടെ ഗാത്രത്തെ

(C) നായികയുടെ കുറുനിരകളെ

(D) നർത്തകിയുടെ കളിർനിടിലത്തെ

1.18 ബാലിയിലെ മഴയെ എസ്.കെ പൊറ്റക്കാട് ഏതിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?

(A) കേരളത്തിലെ മഴയോട്

(B) ബാലിപ്പെണ്ണിന്റെ മനസ്സിനോട്

(C) ഗ്യാമലിൻ വാദ്യത്തിന്റെ സംഗീതത്തോട്

(D) ചന്തയിലെ ശബ്ദകോലഹലത്തോട്

1.19 രാജക്കന്മാർ ഉരഗങ്ങളെപ്പോലെ നടുങ്ങാൻ കാരണമെന്ത്?

(A) ഇടിവെട്ടുകേട്ട് (B) രാഘവന്റെ മന്ദഹാസം കണ്ട്

(C) വിൽമുറിഞ്ഞ ഒച്ച കേട്ട് (D) ചന്ദ്രശേഖരന്റെ പള്ളിവില്ല് കണ്ട്

1.20 വാസവദത്ത എന്ന കാവ്യം രചിച്ചത് ആര്?

(A) കുമാരനാശാൻ (B) വള്ളത്തോൾ

(C) കുഞ്ചൻ നമ്പ്യാർ (D) എസ്.കെ പൊറ്റക്കാട്

2 ഏതെങ്കിലും 5 എണ്ണത്തിന് ഒറ്റവാക്കിൽ ഉത്തരമെഴുതുക.ഓരോ മാർക്ക് വീതം. 5×1=5

2.1 ഗോപികമാരുടെ അഭിപ്രായത്തിൽ നുണങ്ങു പായുന്നത് ആരാണ്?

2.2 ശ്രീനാരായണഗുരുവിന്റെ ശിഷ്യനും സമുദായോദ്ധാരകനുമായ മലയാള കവി ആര്?

2.3 എസ്.കെ പൊറ്റക്കാട് ബാലിയിൽ കണ്ട കേരളത്തിന്റേതല്ലാത്ത മരം ഏത്?

2.4 സ്വഭാവരൂപവൽക്കരണത്തിന് അസ്തിവാരമിടുന്നത് എപ്പോഴാണ്?

2.5 അവളോട് അകാരണമായ ഒരു ദേഷ്യം അവൾ ഇങ്ങനെ താക്കീതുകളൊന്നും കൂടാതെ എല്ലാ ചുമതലകളും എന്റെ തലയിൽ വച്ചുകൊണ്ട് പോയല്ലോ-നെയിപ്പായസത്തിലെ അച്ഛൻ എന്തിനെ കുറിച്ചാണ് സൂചിപ്പിക്കുന്നത്?



Unnati Educations
9899436384, 9654279279

3 വിട്ടുപോയ ഭാഗം ബ്രാക്കറ്റിൽ നിന്ന് ശരിയായത് തെരഞ്ഞെടുത്ത് പൂരിപ്പിക്കുക ഏതെങ്കിലും 5 എണ്ണം ഒരോ മാർക്ക് വീതം **5×1=5**

**3.1** മാനേജറുടെ ........... നീട്ടിയ ആ കടലാസുതുണ്ടുകളെ തുറിച്ചുനോക്കിക്കൊണ്ട് ജാനമ്മ ഒരു ശിലാപ്രതിമപോലെ നിന്നു. (ദയാബുദ്ധി,സൗമനസ്യം,പക,മന്ദഹാസം)

**3.2** ആട്ടക്കഥാകൃതികളിൽ സാമാന്യമായി ശ്ലോകങ്ങളും പാട്ടുകളും അപൂർമായി....... കാണാം (നൃത്തവും,കഥയും,ഭണ്ഡകങ്ങളും,ആട്ടവും)

**3.3** തുടുതുടെയൊരു ചെറുകവിത വിടർന്നൂ..........മമ ഹൃത്തത്തിൽ (മഞ്ചിമവിടരും,ചുറ്റുപിണഞ്ഞൊരു,ചോരതുളുമ്പിയ,തൃഷ്ടിതുടിക്കും)

**3.4** ജീവാത്മാക്കൾക്ക്.....ഉണ്ടാവാനുള്ള അധികാരമേ മതങ്ങൾക്കുള്ളൂ (ഉന്നതി,ഊർദ്ധ്വമുഖത്വം,മനുഷ്യത്വം,മതാന്ധത)

**3.5** എല്ലാമാ,മാകുന്നതു ചെയ്യാലും മടിക്കേണ്ട.............വന്നുകൂടിടുമല്ലോ? (കല്യാണമിതുമൂലം,മന്ദഹാസവും,തേജസ്സും,വേഗത്തോടെ)

4 താഴെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണം തെറ്റോ ശരിയോ എന്ന് രേഖപ്പെടുത്തുക.ഒരു മാർക്ക് വീതം. **5×1=5**

**4.1** പൊന്നെന്നു പറയുന്നത് മണ്ണിന്റെ കട്ടച്ച ചോരയാണ്.

**4.2** ബാലിയിലെ ക്ഷേത്രങ്ങൾക്കരികിൽ ആൽമരം ഉണ്ടായിരിക്കും.

**4.3** കാല്യം പോലെ മനോഹരമായ ബാല്യമാണ് വി.ടി.ഭട്ടതിരിപ്പാടിന് ഉണ്ടായിരുന്നത്.

**4.4** അമൃത് അമൃതായി തോന്നുന്നത് അമ്മ പകർന്നുതരുമ്പോഴാണ്.

**4.5** തന്റെ കൈത്തണ്ടയിൽ രാഖിച്ചരട് ബന്ധിച്ച് മിണ്ടാതെ നിന്നവളോട് കവി ആരുനീ എന്ന് ചോദിച്ചു.

5 ചേരുംപടി ചേർക്കുക.ഏതെങ്കിലും 5 എണ്ണം ഒരു മാർക്ക് വീതം **5×1=5**

| | | | |
|---|---|---|---|
| **5.1** | ഒ.എൻ.വി കുറുപ്പ് | – | മഞ്ഞ് |
| **5.2** | എഴുത്തച്ഛൻ | – | ഭൂമിക്കൊരു ചരമഗീതം |
| **5.3** | നാം മുന്നോട്ട് | – | എസ്.കെ.പൊറ്റക്കാട് |
| **5.4** | നൈൽ ഡയറി | – | കെ.പി. കേശവമേനോൻ |
| **5.5** | എം.ടി.വാസുദേവൻനായർ | – | അധ്യാത്മരാമായണം കിളിപ്പാട്ട് |

6 ഏതെങ്കിലും 5 എണ്ണത്തിന് പകരം പദം എഴുതുക.ഒരു മാർക്ക് വിതം **5×1=5**

**6.1** ബാഷ്പബിന്ദു

**6.2** കന്ധാരം

**6.3** നരജാതി

**6.4** ഇണ്ടൽ

**6.5** ഈർഷ്യ



Unnati Educations
9899436384, 9654279279

7 ചേർത്തെഴുതുക ഏതെങ്കിലും 5 എണ്ണം ഒരു മാർക്ക് വീതം 5×1=5

7.1 പുറത്ത്+ഊട്ട്

7.2 അതി+ഉന്നതി

7.3 പൂ+ആട

7.4 കനക+കതിർ

7.5 നെൽ+മണി

8 ഏതെങ്കിലും 10 ചോദ്യങ്ങൾക്ക് 20-25 വാക്കുകളിൽ ഉത്തരമെഴുതുക 2 മാർക്ക് വീതം 10×2=20

8.1 എൻ മനസ്സന്ധികൾ തോറുമേ തട്ടിത്തകരും സ്പടികപാത്രം പോലെ പൊട്ടിച്ചിതറുന്നു- ഒ.എൻ.വി കുറുപ്പ് ഇവിടെ അവതരിപ്പിക്കുന്നത് എന്തിനെക്കുറിച്ചാണ്?

8.2 മാതൃഭാഷയെയും അമ്മയെയും ബന്ധിപ്പിച്ച് വള്ളത്തോൾ അവതരിപ്പിക്കുന്ന ആശയങ്ങൾ എന്തെല്ലാം?

8.3 കഥാനായകന്റെ ദാമ്പത്യജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് നെയ്പായസം എന്ന കഥയിൽ കണുന്നത്?

8.4 മാതാവിന്റെ മഹത്വം കെ.പി.കേശവമേനോൻ സൂചിപ്പിക്കുന്നത് എന്താണ്?

8.5 ഉത്സവാഘോഷങ്ങൾക്കിടയിൽ മഴപെയ്തപ്പോൾ ഉണ്ടായ എന്തല്ലാം സംഭവവികാസങ്ങളാണ് പൊറ്റക്കാട് വിവരിക്കുന്നത്?

8.6 മനസ്വിനിയിലെ പ്രഭാതവർണനയിൽ തെളിയുന്ന പ്രകൃതിദൃശ്യങ്ങൾ എന്തെല്ലാം?

8.7 മദ്യം വിഷമാണ് എന്ന സന്ദേശത്തിലൂടെ ശ്രീനാരായണഗുരു വെളിപ്പെടുത്താൻ ശ്രമിക്കുന്ന ആശയം എന്ത്?

8.8 ജവഹർലാൽനെഹ്റു ഇന്ത്യയുടെ നാനാത്വം വെളിപ്പെടുത്തുന്നത് എങ്ങനെ?

8.9 ജാനമ്മയെ സർക്കസ് കമ്പിനിയിൽ നിന്ന് മാനേജർ ഒഴിവാക്കിയത് എങ്ങനെ?

8.10 ഏണങ്ങളോട് ഗോപികമാർ പറഞ്ഞത് എന്തെല്ലാം?

8.11 പരബ്രപ്മയ്യാർക്ക് മജിസ്രേട്ട് വിധിച്ച ശിക്ഷ എന്ത്?

8.12 പെണ്ണുകാണാൻ പോകുമ്പോൾ കണ്ണുമാത്രം പോരാ,കണ്ണാടികൂടെ കൊണ്ടുപോകണമെന്ന് പറയുന്നതിന്റെ പൊഷുൾ എന്ത്?

8.13 ശ്രീരാമൻ ശൈവചാപം ഖണ്ഡിച്ചപ്പാൾ ഉണ്ടായ സംഭവങ്ങൾ എന്തല്ലാം?

8.14 നമുക്ക് ഏറ്റവും ഇഷ്ടമുള്ള സ്ഥലം വീടാണെന്ന് പറയുന്നതിന്റെ യുക്തി എന്ത്?

8.15 വാസവദത്തയുടെ മാളികയെക്കുറിച്ച് കവി നൽകുന്ന് സൂചനകൾ എന്തല്ലാം?



Unnati Educations
9899436384, 9654279279

**9** ഏതെങ്കിലും 5 ചോദ്യങ്ങൾക്ക് 40-45 വാക്കിൽ ഉത്തരമെഴുതുക. **5×3=15**
3 മാർക്ക് വീതം.

**9.1** മലയാളത്തിന് സംഭവിച്ച ക്ഷീണത്തെക്കുറിച്ച് വള്ളത്തോൾ നൽകുന്ന സൂചനകൾ എന്തെല്ലാം?

**9.2** സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന എന്തെല്ലാം വെല്ലുവിളികളാണ് പെങ്ങൾ എന്ന കവിതയിൽ ആവിഷ്കരിച്ചിട്ടുള്ളത്?

**9.3** നെയ്പായസം എന്ന കഥയിലെ കുട്ടികൾ അമ്മയുടെ മരണത്തോട് എങ്ങനയാണ് പ്രതികരിച്ചത്?

**9.4** കേരളീയ കലകളിൽ തുള്ളലിന്റെ സ്ഥാനവും സവിശേഷതകളും എന്തെല്ലാം?

**9.5** വി.ടി. ഭട്ടതിരിപ്പാടിന്റെ ബാല്യകാലം എപ്രകാരമുള്ളതായിരുന്നു?

**9.6** ബാലിയിലെ ഉത്സവക്ഴചകൾ വിവരിക്കുക.

**9.7** രാവണന്റെ മൂഢത്വം കുഞ്ചൻനമ്പ്യാർ വെളിപ്പെടുത്തുന്നത് എങ്ങനെ?

**9.8** മനസ്വിനിയിൽ ചങ്ങമ്പുഴ അവതരിപ്പിക്കുന്ന കാവ്യസങ്കല്പം എന്ത്?

**10** താഴെ പറയുന്ന ചോദ്യങ്ങൾക്ക് 100-150 വാക്കുകളിൽ ഉത്തരമെഴുതുക. **3×5=15**
5 മാർക്ക് വീതം

**10.1** എ. എഴുത്തച്ഛൻ വർണ്ണനാപാടവം സീതാസ്വയംവരം എന്ന കാവ്യഭാഗത്ത് എങ്ങനെ പ്രകടമാവുന്നു?

**അല്ലങ്കിൽ**

ബി. മലയാള ഭാഷയെ ശക്തിപ്പെടുത്തുന്നതിനുള്ള കൂട്ടായ യത്നം ആവശ്യമാണെന്ന് ബോധ്യപ്പെടുത്താൻ എന്റെ ഭാഷ എന്ന കവിതയിലൂടെ വള്ളത്തോളിന് എത്രത്തോളം കഴിഞ്ഞിട്ടുണ്ട്?

**10.2** എ ബാലിയിലെ ഗ്രാമജീവിതത്തിന്റെ തുടിപ്പാർന്ന ചിത്രം പൊറ്റക്കാട് അവതരിപ്പിക്കുന്നത് എങ്ങനെ?

**അല്ലങ്കിൽ**

ബി. ശ്രീനാരായണ ഗുരുവിന്റെ സന്ദേശങ്ങൾ കേരളത്തിന്റെ നവോക്താനത്തെ എങ്ങനെയാണ് സ്വാധീനിച്ചത്? പാഠഭാഗത്തെ അടിസ്ഥാനമാക്കി കുറിപ്പ് തയ്യാറാക്കുക.

**10.3** എ. നഗരത്തിന്റെ തിരക്കുകൾക്ക് ഇടയിൽപ്പെട്ട് ഇത്തരക്കാരുടെ ജീവിതം നെയ്പ്പായസം എന്ന ചെറുകഥയിൽ തെളിയുന്നത് എങ്ങനെ?

**അല്ലങ്കിൽ**

ബി. ജാനമ്മയുടെ ജീവിതം കടന്നുപോയ പതനങ്ങൾ എം.ടി വാസുദേവൻ നായർ വളർത്തുമൃഗങ്ങൾ എന്ന കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ?

---



**Unnati Educations**
**9899436384, 9654279279**